**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2767** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഹൈബ്രിഡ് സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക തടസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സോളാർ കണക്ഷനുമായി ബന്ധപ്പെട്ട ഹൈബ്രിഡ് സംവിധാനം സംബന്ധിച്ച് റെഗുലേറ്ററി കമ്മീഷൻ അന്തിമമായി തീരുമാനം എടുത്തിട്ടില്ലെന്നിരിക്കെ ഹൈബ്രിഡ് സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെ. എസ്. ഇ. ബി. യുടെ സോഫ്റ്റ്‌വെയറിൽ നാളിതുവരെ മാറ്റം വരാത്തത് ഹൈബ്രിഡ് സോളാർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ റെഗുലേഷനിൽ ഹൈബ്രിഡ് സംവിധാനത്തെ കുറിച്ച് വ്യക്തമായിട്ട് പ്രതിപാദിക്കാത്തതിനാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് മുൻപാകെ കെ.എസ്.ഇ.ബി.എൽ. ഹൈബ്രിഡ് സംവിധാനത്തിന്റെ ഒരു സ്കീം തയ്യാറാക്കി നൽകിയിട്ടുണ്ട്. കമ്മീഷന്റെ തീരുമാനമനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | ബയോ ഫ്ലോക്ക് കൃഷി നടത്തുന്നവർക്ക് 24 മണിക്കൂറും വൈദ്യുതി അത്യന്താപേക്ഷിതമാണ്. ഇവർക്ക് താരിഫ് നിരക്കിൽ സോളാർ വെക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ബയോ ഫ്ലോക്ക് കൃഷി നടത്തുന്നവർക്ക് സോളാർ സ്ഥാപിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച പദ്ധതികൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ